**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാലക്കാട് നെൽകൃഷി സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് നെൽകൃഷിയെ സ്വയംപര്യാപ്തമാക്കി മാറ്റാൻ സർക്കാർ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചിരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | 'കേര' പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മലമ്പുഴ ലെഫ്റ്റ് ഡാം കനാൽ (LDC) കടന്നു പോകുന്ന 200-ൽ കൂടുതൽ പാടശേഖരങ്ങളിൽപെട്ട 15000 ഹെക്ടർ നെൽകൃഷി മേഖലയെ മെച്ചപ്പെടുത്തുകയും നിയന്ത്രിത ജലസേചന മാർഗ്ഗങ്ങൾ ഉപയോഗിച്ച് നെൽകൃഷി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലേസർ ലാൻഡ് ലെവലർ കൊണ്ട് പാടശേഖരങ്ങൾ നിരപ്പാക്കി വെള്ളം കയറ്റിയിറക്കൽ ആൾട്ടർനേറ്റ് വെറ്റിംഗ് ആൻഡ് ഡ്രൈയിംഗ് (AWD) ലേക്ക് മാറ്റുന്ന മുറയ്ക്കു വലിയതോതിൽ ജലം ഉപയോഗം നിയന്ത്രിക്കുകയും,അധിക വിള എടുക്കുവാനുള്ള സാദ്ധ്യതകളും കർഷകർക്ക് ഒരുക്കുന്നു. കൂടാതെ 32 KM മെയിൻ കനാലിന്റെ പരിരക്ഷണവും, അതിൽ വരുന്ന സ്ലൂയിസ്സുകൾ, ഷട്ടറുകൾ എന്നിവയുടെ കുറ്റങ്ങളും കുറവുകളും തീർന്ന് സുഗമമായി ലീക്കേജില്ലാതെയും പാടശേഖരങ്ങളിലേക്ക് ജലം എത്തിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. പാലക്കാട് ജില്ലയിലെ നെൽകൃഷിയെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുവാൻ ഈ പദ്ധതി കൂടുതൽ സഹായകരമാവും. ഇതോടൊപ്പം എല്ലാ വർഷവും അനുവദിക്കുന്ന ബജറ്റ് വിഹിതത്തിൽ നിന്നും ജില്ലക്ക് വിവിധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കാറുണ്ട്. ഈ സാമ്പത്തിക വർഷം 3037.5 ലക്ഷം രൂപ ജില്ലക്ക് അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ RIDF പദ്ധതി പ്രകാരം പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>സുസ്ഥിര നെൽകൃഷി വികസനം, സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇപ്രൂവ്മെന്റ് പ്രോഗ്രാം, ജില്ലാ പഞ്ചായത്ത് പദ്ധതിയായ |

| | | | |
|---|---|---|---|
| | | | കൃഷിസമൃദ്ധി മുതലായ പദ്ധതികളിലൂടെ സാമ്പത്തിക സഹായവും തദ്വാരാ പ്രോത്സാഹനവും നൽകുന്നു. വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിന് വൈദ്യുതി വേലികൾ കെട്ടുന്നതിന് സഹായങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ